# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4741

26.06.2019 - ൽ
മറുപടിയ്ക്ക്

### മുണ്ടേരി കൃഷി ഫാമിൽ കാഷ്വൽ ലേബർ തസ്തികയിലെ നിയമനം

| ചോദ്യം<br>ശ്രീ. പി. വി. അൻവർ | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) മുണ്ടേരി കൃഷി ഫാമിൽ കാഷ്വൽ ലേബർ തസ്തികയിലേക്ക് പുതുതായി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളിലേയ്ക്കാണ് ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ; | എ) ഉണ്ട്. 129 ഒഴിവുകളിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കാഷ്വൽ ലേബർമാരെ നിയമിച്ചിട്ടുണ്ട്; ജോലി ലഭിച്ചവർ ജോലി ഉപേക്ഷിച്ചോ അല്ലെങ്കിൽ അവധിയെടുത്തോ പോയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;<br><br>സി) ഈ നിയമനങ്ങളിൽ പ്രാദേശിക, പട്ടിക വർഗ്ഗ, ഭിന്നശേഷി, വിധവകൾ തുടങ്ങിയ സംവരണതത്വം പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) യും സി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുണ്ടേരിഫാമിൽ കാഷ്വൽ തൊഴിലാളികളെ നിയമിച്ചിട്ടില്ല. |
| ഡി) സംവരണതത്വം പാലിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ? | ഡി) 2015 ൽ മുണ്ടേരി കൃഷിഫാമിൽ നടത്തിയ കാഷ്വൽ ലേബർ നിയമനങ്ങളിൽ അഴിമതി നടന്നുവെന്ന് ആരോപിച്ച് ശ്രീ.ഷാജഹാൻ.ഒ., നൽകിയ പരാതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ശ്രീ.ഷാജഹാൻ.ഒ. ഇതേ ആവശ്യ മുന്നയിച്ച് വിജിലൻസ് വകുപ്പിന് നൽകിയ പരാതി അനന്തര നടപടികൾക്കായി കൃഷി വകുപ്പിൽ ലഭ്യമാക്കുകയും ആയതിന്മേൽ അടിയന്തിരമായി വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർക്ക് 15/06/2019 ൽ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ